**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2459** **07-07-2022 - ൽ മറുപടിയ്ക്ക്**

**കെൽ ഇലക്ട്രിക്കൽ മെഷീൻസ് ലിമിറ്റഡിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കാസർകോട്ടെ കെൽ ഇലക്ട്രിക്കൽ മെഷീൻസ് ലിമിറ്റഡ് എപ്പോഴാണ് ഉദ്ഘാടനം ചെയ്തത്; | (എ) | കെൽ ഇലക്ട്രിക്കൽ മെഷീൻസ് ലിമിറ്റഡ്, 2022 ഏപ്രിൽ ഒന്നിന് ഉദ്ഘാടനം ചെയ്തു. |
| (ബി) | ഉദ്ഘാടത്തിന് ശേഷം ഏതെല്ലാം മെഷീനുകൾക്ക് ഓർഡർ ലഭിച്ചുവെന്നും എത്ര രൂപയുടേതായിരുന്നു ഓർഡറെന്നും വ്യക്തമാക്കാമോ; | (ബി) | ഉദ്ഘാടനത്തിന് ശേഷം കിട്ടിയ ഓർഡറുകളുടെ വിശദവിവരങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു. |
| (സി) | പ്രസ്തുത ഓർഡറനുസരിച്ച് മെഷീനുകൾ വിതരണം ചെയ്തിരുന്നോ; ഇല്ലെങ്കിൽ വിതരണം ചെയ്യാൻ പറ്റാത്തത് എന്ത് കൊണ്ടാണെന്ന് വ്യക്തമാക്കാമോ; | (സി) | ടി ഓർഡറുകളുടെ വിതരണത്തിന്റെ / വിപണനത്തിന്റെ വിശദ വിവരങ്ങൾ താഴെപറയും പ്രകാരമാണ്.<br><br>ഡി. ജി. സെറ്റുകളുടെ ഉത്പാദനം നടന്നു കൊണ്ടിരിക്കുന്നു.<br><br>ഉപഭോക്താവ് ആവശ്യപ്പെട്ട വിതരണ കാലയളവ് പൂർത്തിയാകുന്ന മുറയ്ക്ക് ഇവയുടെ വിതരണം പൂർത്തീകരിക്കുന്നതാണ്.<br><br>2.91 ലക്ഷം രൂപയുടെ ആൾട്ടർനേറ്ററുകളും 3.05 ലക്ഷം രൂപയുടെ സ്പെയറുകളും വിതരണം ചെയ്തു.<br><br>ഉപഭോക്താവ് ആവശ്യപ്പെട്ട വിതരണ കാലയളവ് പൂർത്തിയാകുന്ന മുറയ്ക്ക് ബാക്കിയുള്ള ആൾട്ടർ-നേറ്ററുകളുടേയും സ്പെയറുകളുടേയും വിതരണം പൂർത്തീകരിക്കുന്നതാണ്. |
| (ഡി) | ഈ സ്ഥാപനത്തിൽ ഇപ്പോൾ എത്ര ജീവനക്കാരുണ്ട്; ഇവരിൽ എല്ലാവർക്കും ഇപ്പോൾ അവിടെ ജോലി ഉണ്ടോ; വ്യക്തമാക്കുമോ; | (ഡി) | കമ്പനിയിൽ ഇപ്പോൾ 99 ജീവനക്കാരുണ്ട്. ഇപ്പോൾ ലഭിച്ചിട്ടുള്ള ഓർഡർ പ്രകാരമുള്ള ഉത്പ്പാദനത്തിന്റെ ഭാഗമായി 66 ശതമാനത്തോളം ജീവനക്കാർക്ക് ജോലി ഉണ്ട്. |
| (ഇ) | പ്രസ്തുത സ്ഥാപനം ഏറ്റെടുത്തതിന് ശേഷം എത്ര രൂപയുടെ റിവൈവൽ പാക്കേജാണ് പ്രഖ്യാപിച്ചതെന്നും ഇതിൽ എത്ര തുക ഇതിനകം അനുവദിച്ചുവെന്നും അനുവദിച്ച തുക ഏതെല്ലാം | (ഇ) | കമ്പനി ഏറ്റെടുത്ത ശേഷം സർക്കാർ 77 കോടിയുടെ പുനരുദ്ധാരണ പദ്ധതിയാണ് പ്രഖ്യാപിച്ചത്. ഇതിൽ 20 കോടി രൂപ 2021-22 -ൽ അനുവദിച്ചു. ഈ തുക ചെലവഴിച്ചത് സംബന്ധിച്ച വിവരം അനുബന്ധം 2 ആയി ചേർക്കുന്നു. |

| | | | |
|---|---|---|---|
| | ആവശ്യങ്ങൾക്ക് വേണ്ടി ചെലവഴിച്ചു എന്നും വ്യക്തമാക്കാമോ; | | |
| (എഫ്) | യൂണിറ്റ് പ്രവർത്തിക്കാതിരുന്ന 2020 മാർച്ച് മുതൽ 2022 ഏപ്രിൽ വരെയുള്ള കാലയളവിൽ ജീവനക്കാരുടെ ശമ്പളത്തിന്റെ 35 ശതമാനം നൽകാൻ ധാരണയായിരുന്നോ എന്നും ഇത് നൽകിയോ എന്നും വ്യക്തമാക്കാമോ? | (എഫ്) | 2020 ഏപ്രിൽ മുതൽ 2022 മാർച്ച് വരെയുള്ള കാലയളവിൽ ജീവനക്കാരുടെ ശമ്പളത്തിന്റെ 35% നൽകാൻ ധാരണയായിരുന്നു. 2020 ഏപ്രിൽ മുതൽ 2022 ഫെബ്രുവരി 28 വരെ വിരമിച്ച 32 ജീവനക്കാർക്ക് ഈ തുക നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം 1

| നം. | ഉത്പന്നം | വില (ലക്ഷത്തിൽ) |
|---|---|---|
| 1. | ഡി ജി സെറ്റ് | 50.28 |
| 2. | ആൾട്ടർനേറ്ററുകൾ | 18.50 |
| 3. | സ്പെയറുകൾ | 29.50 |

സെക്ഷൻ ഓഫീസർ

# അനുബന്ധം 2

| നം. | ഇനം | തുക (ലക്ഷത്തിൽ) |
|---|---|---|
| 1. | പുനരുദ്ധാരണം | 211 |
| 2. | ജീവനക്കാരുടെ ബാധ്യതകൾ | 690 |
| 3. | മറ്റു ബാധ്യതകൾ | 1099 |

സെക്ഷൻ ഓഫീസർ